## പതിനാലാം കേരള നിയമസഭ

### പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1774 — 10-02-2020 ൽ മറുപടിയ്ക്ക്

### മദ്രസാദ്ധ്യാപകർക്കുള്ള വായ്പത്തുക

| | ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | | ഉത്തരം<br>ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | മദ്രസാദ്ധ്യാപകർക്കു വായ്പ നൽകുവാൻ വേണ്ടി അനുവദിച്ച ഫണ്ടുകൾ ട്രഷറിയിൽ നിക്ഷേപിക്കാതെ ഏതെങ്കിലും ബാങ്കുകളിൽ ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ നിക്ഷേപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ബാങ്കുകളിലാണെന്നും നിക്ഷേപിച്ച തുക എത്രയെന്നുമുള്ള വിവരം ലഭ്യമാക്കുമോ; | (എ) | മദ്രസ്സാദ്ധ്യാപകർക്ക് വായ്പ നൽകുന്നതിന് അനുവദിച്ച ഫണ്ട് ബാങ്കുകളിൽ നിക്ഷേപിച്ചിട്ടില്ല. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ശേഷിച്ച ഓഹരി മൂലധനം പഞ്ചാബ് നാഷണൽ ബാങ്കിലും, ഫെഡറൽ ബാങ്കിലും ഫിക്സഡ് ഡിപോസിറ്റായി നിക്ഷേപിച്ചിട്ടുണ്ട്. ഇപ്രകാരം 2014-15 മുതൽ 2018-19 വരെയായി 55,50,00,000/ രൂപയാണ് നിക്ഷേപിച്ചിരുന്നത് ഇതിൽ നിന്നും 37,90,00,000/- രൂപ വായ്പ നൽകുന്നതിലേക്കായി വിവിധ ഘട്ടങ്ങളിലായി പിൻവലിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിക്ഷേപങ്ങൾ എന്നുമുതലാണ് ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ളത്; ഇതിന് ഇതുവരെയും ലഭിച്ച പലിശ എത്രയാണ് പ്രസ്തുത പലിശ എന്തിനെല്ലാം ചെലവഴിച്ചു എന്നതിന്റെ വിശദവിവരം നൽകുമോ; | (ബി) | 23.07.2014 മുതലാണ് ബാങ്കുകളിൽ ഫിക്സഡ് ഡിപോസിറ്റായി നിക്ഷേപിച്ചത്. 1,59,19,358/ രൂപയാണ് പലിശയിനത്തിൽ ഇതുവരെ ലഭ്യമായത്. പ്രസ്തുത പലിശ കോർപ്പറേഷന്റെ വിവിധ ഇടപാടുകൾക്കായി വിനിയോഗിച്ച് വരുന്നു. |
| (സി) | പ്രസ്തുത ഫണ്ടുകൾ ട്രഷറികളിൽ നിക്ഷേപിക്കാതെ ബാങ്കുകളിൽ നിക്ഷേപിച്ചത് സർക്കാരിന്റെ അനുമതിയോടുകൂടിയാണോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ? | (സി) | പ്രസ്തുത ഫണ്ടുകൾ ട്രഷറിയിൽ നിക്ഷേപിക്കാതെ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിന് സർക്കാരിന്റെ അനുമതി നേടിയിരുന്നില്ല. ട്രഷറിയിൽ നിക്ഷേപിച്ചാൽ ട്രഷറി നിയന്ത്രണം നിലവിലുള്ളപ്പോൾ അപേക്ഷകർക്ക് വായ്പ നൽകാൻ കഴിയാതെ വരുന്നതിനാലാണ് ആവശ്യമുള്ളവർക്ക് യഥാസമയം വായ്പ ലഭ്യമാക്കുകയെന്ന സദുദ്ദേശത്തോടു കൂടി ബാങ്കുകളിൽ നിക്ഷേപിച്ചത്. |

സെക്ഷൻ ഓഫീസർ